# കുർബ്ബാനക്രമം . ലത്തീൻ രീതി

പു: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ
ജ: ആമ്മേൻ.
പു: നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കൃപയും
പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും നിങ്ങളോടുകൂടെ.
ജ: അങ്ങയോടും കൂടെ
സഹോദരരേ, ഈ ദിവ്യരഹസ്യം തക്കതായ ഒരുക്കത്തോടെ കൊണ്ടാടുന്നതിനായി
നമ്മുടെ പാപങ്ങൾ ഓർത്ത് മന:സ്തപിച്ച് ഏറ്റുപറയാം.

(അൽപനേരം മൗനം)

അനുതാപകീർത്തനം:

നിൻ ദിവ്യ പാദാന്തികത്തിൽ നിന്നു
കേഴുന്നു മാപ്പിനായ് നാഥാ
അന്ധരായ് മുന്നോട്ടു നീങ്ങി
ഞങ്ങൾ ചെയ്തുപോയ് പാപങ്ങളേറെ.

സ്വർഗ്ഗത്തിൽ നിന്നുനീ വന്നു മന്നിൽ
പാപിയെത്തേടി നടന്നു
നിൻതിരു രക്തം നീ ചിന്തി
നിൻെറ പ്രാണൻ വെടിഞ്ഞു നീ ക്രൂശിൽ

കെൽപ്പക്ഷയത്താലെ വന്ന സർവ്വ
പാപങ്ങളും നീ ക്ഷമിക്കൂ
കെൽപ്പെഴും നിൻ കരം നീട്ടി നിത്യം
ഞങ്ങളെ താങ്ങണേ നാഥാ

അഥവാ

പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണെ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേറ്റു ചൊല്ലീടാം

നീതിമന്യനായ് അന്യരെത്താഴ്ത്തി
ദുർവ്വിധികൾ ഞാൻ ചെയ്യില്ല
പാപകാരണം അന്യരാണെന്ന
ന്യായവാദവും ചെയ്യില്ല

ആത്മവഞ്ചന ചെയ്തു ഞാനെൻെറ
പാപത്തെ പൂഴ്ത്തി വയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്നു
ചൊല്ലും വിഡ്ഢി ഞാനാകില്ല

പു: സർവ്വശക്തനായ ദൈവം കനിഞ്ഞ് പാപങ്ങൾ പൊറുത്തു നമ്മെ നിത്യജീവിതത്തിലേയ്ക്ക് നയിക്കുമാറാകട്ടെ.
ജ: ആമ്മേൻ

കർത്താവേ കനിയേണമേ
ക്രിസ്തുവേ കനിയേണമേ
കർത്താവേ കനിയേണമേ

പു.: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ജ: ഭൂമിയിൽ സന്മനസ്സുള്ളവർക്ക് ശാന്തിയുമേ.

അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു
ആരാധിച്ചങ്ങയെ വാഴ്ത്തുന്നു ദിവ്യ മഹിമകൾ പാടുന്നു

അങ്ങേ മഹാമഹിമയ്ക്കിതാ നന്ദി ചൊല്ലുന്നിവർ താഴ്മയായ്
ദൈവമേ കർത്താവാം അങ്ങയെ വാഴ്ത്തുന്നു സ്വർല്ലോക രാജനെ

സർവ്വൈക ശക്തനാം ദൈവമേ താതനാമങ്ങയെ വാഴ്ത്തുന്നു
ഏകാത്മജാ ദൈവസൂനുവേ കർത്താവാം ശ്രീയേശു ക്രിസ്തുവേ

ദൈവമേ കർത്താവാമങ്ങയെ വാഴ്ത്തുന്നു ദൈവത്തിൻ ദൈവത്തിൻ കുഞ്ഞാടേ
താതനാം ദൈവത്തിൻ സൂനുവേ അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു.

ലോകത്തിൻ പാപ നിഹന്താവേ കാരുണ്യം തൂകണേ ഞങ്ങളിൽ
ലോകത്തിൻ പാപ നിഹന്താവേ ഞങ്ങൾ തൻ പ്രാർത്ഥന കേൾക്കണെ

നിത്യ പിതാവിൻെറ പാർശ്വത്തിൽ നേർവലം ഭാഗത്തിരുന്നീടും
ഞങ്ങൾ തൻ രക്ഷകനേശുവേ കാരുണ്യം തൂകണേ ഞങ്ങളിൽ

സത്യ സ്വരുപൻ പിതാവുതൻ നിത്യമഹിമാവിൻ തേജസ്സിൽ
പാവനാത്മാവു തൻ ഐക്യത്തിൽ  വാഴുന്ന ക്രിസ്തുവാം യേശുവേ

അങ്ങുമാത്രം പരിപാവനൻ അങ്ങുതാനേകനാം നാഥനും
അങ്ങുമാത്രം പരമോന്നതൻ ത്രിത്വൈക ദൈവ മഹത്വത്തിൽ. ആമ്മേൻ

നമുക്കു പ്രാർത്ഥിക്കാം.

പിതാവേ, അങ്ങേയ്ക്ക് ഞങ്ങളോടുള്ള അനന്തമായ സ്നേഹം പ്രകടമാക്കുന്ന ഈ ദിവ്യകൂദാശ ഞങ്ങളെ നിരന്തരം അങ്ങേ പ്രകാശത്തിൽ നയിക്കാൻ സഹായിക്കണമേ. അങ്ങേ വചനത്തിൽ ചരിക്കുവാനും വചനാനുസാരം ഞ ങ്ങളുടെയും ഞങ്ങളുടെ സഹോദരരുടെയും ജീവിതങ്ങളെ അനുഗ്രഹപ്രദമാക്കുവാനും സഹായിക്കണമേ.
കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.
ജ: ആമ്മേൻ

**വചനപ്രഘോഷണം:**

*(വായന അവസാനിക്കുമ്പോൾ)*

ദൈവ വചനമാണ് നാം കേട്ടത്                ജ: നമുക്കു ദൈവത്തെ സുതുതിക്കാം.

പ്രതിവചന കീർത്തനം:

**സുവിശേഷപ്രഘോഷണം:**

പു: കർത്താവു നിങ്ങളോടു കൂടെ        ജ: അങ്ങയോടും കൂടെ
പു: വി. .............എഴുതിയ സുവിശേഷം.        ജ: കർത്താവേ അങ്ങേയ്ക്ക് മഹത്വം

പു.: ദൈവ വചനമാണു നാം കേട്ടത്        ജ: ക്രിസ്തുവേ അങ്ങേയ്ക്കു സ്തുതി.

ഏകനാം ദൈവത്തിൽ വിശ്വസിക്കുന്നു.... (ഞായറാഴ്ചകളിലും പ്രധാന തിരുനാളുകളിലും)

വിശ്വാസികളുടെ പ്രാർത്ഥന:

സ്തോത്ര യാഗ കർമ്മം:

പു.: എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഈ അപ്പം അങ്ങയുടെ കാരുണ്യത്താലാണല്ലോ ഞങ്ങൾക്കു ലഭിച്ചത്; ഞങ്ങൾക്ക് നിത്യ ജീവൻ അരുളുന്ന ഭോജനമായിത്തീരുവാനുള്ള ഈ അപ്പം ഭൂമിയുടെയും മനുഷ്യപ്രയത്നത്തിൻെറയും ഫലമായി ഞങ്ങൾക്കു കനിഞ്ഞരുളിയ പിതാവേ അങ്ങു വാഴ്ത്തപ്പെടട്ടെ.
ജ: ദൈവമേ അങ്ങ് വാഴ്ത്തപ്പെടട്ടെ!

പു.: എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഈ വീഞ്ഞ് അങ്ങയുടെ കാരുണ്യത്താലാണല്ലോ ഞങ്ങൾക്കു ലഭിച്ചത്. ഞങ്ങൾക്ക് ആത്മീയപാനീയമായിത്തീരുവാനുള്ള ഈ വീഞ്ഞ് മുന്തിരിവള്ളിയുടെയും മനുഷ്യപ്രയത്നത്തിൻെറയും ഫലമായി ഞങ്ങൾക്കു കനിഞ്ഞരുളിയ പിതാവേ അങ്ങു വാഴ്ത്തപ്പെടട്ടെ.
ജ: ദൈവമേ അങ്ങ് വാഴ്ത്തപ്പെടട്ടെ!

*കർത്താവേ, പശ്ചാത്തപിക്കുന്ന ഈ വിനീതദാസരെ കൈക്കൊള്ളേണമേ.*
*കർത്താവയ ദൈവമേ, അങ്ങയുടെ തിരുസന്നിധിയിൽ ഞങ്ങളർപ്പിക്കുന്ന*
*ഈ ബലി അങ്ങയെ പ്രസാദിപ്പിക്കുമാറാകട്ടെ!*

*കർത്താവേ, എൻെറ മാലിന്യങ്ങളെല്ലാം കഴുകിക്കളയേണമേ. പാപങ്ങൾ നീക്കി എന്നെ ശുദ്ധീകരിക്കേണമേ!*

സഹോദരരേ എൻെറയും നിങ്ങളുടെയും ബലി സർവ്വശക്തനും പിതാവുമായ ദൈവത്തിനു സ്വീകാര്യമാകുവാൻവേണ്ടി പ്രാർത്ഥിക്കുവിൻ
ജ: കർത്താവു തൻെറ നാമത്തിനും സ്തുതിക്കും മഹിമയ്ക്കും നമ്മുടെയും സാർവ്വത്രിക സഭയുടെയും നന്മയ്ക്കുമായി അങ്ങയുടെ കരങ്ങളിൽ നിന്നും ഈ ബലി സ്വീകരിക്കുമാറാകട്ടെ.

നൈവേദ്യപാർത്ഥന:

ദൈവമേ, ഞങ്ങളർപ്പിക്കുന്ന ഈ കാഴ്ചദ്രവ്യങ്ങൾ പ്രീതിപൂർവ്വം സ്വീകരിക്കേണമേ.
മനുഷ്യപ്രകൃതിയെ ദൈവപ്രകൃതിയുമായി സംയോജിപ്പിച്ച ക്രിസ്തുനാഥനോട്
ഞങ്ങളെ അനുരൂപരാക്കുവാൻ പാവനമായ ഈ യാഗാർപ്പണം ഉപകരിക്കുമാറാകട്ടെ.
കർത്താവായ ക്രിസ്തുവഴി...

## സ്തോത്രയാഗപ്രാർത്ഥന

ആമുഖഗീതി:

പു.: കർത്താവു നിങ്ങളോടുകൂടെ ജ: അങ്ങയോടും കൂടെ
പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ ജ: ഇതാ ഞങ്ങൾ ഉയർത്തിയിരിക്കുന്നു
പു: നമ്മുടെ കർത്താവായദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം. ജ: അതുചിതവും ന്യായവുമത്രെ.

സർവ്വേശ്വരാ നിത്യനായുള്ള ദൈവമേ
സർവ്വശക്താ പരിശുദ്ധതാതാ
ക്രിസ്തുനാഥൻ വഴി എങ്ങുമെന്നേരവും
ഭക്തിയോടങ്ങേയ്ക്കു നന്ദിചൊല്ലാം
യുക്തവും ന്യായവുമാണതു ഞങ്ങൾക്കു
രക്ഷാകരവും ജഗൽപിതാവേ

ഞങ്ങളർപ്പിക്കുമീ നന്ദിയും സ്തോത്രവും
അങ്ങേയക്കാവശ്യമില്ലെന്നാകിലും
നന്ദി പുകഴ്ചകൾ ഞങ്ങൾ നൽകുന്നത്
ഞങ്ങൾക്ക് നീ തന്ന ദാനമല്ലോ

അങ്ങേ മഹിമയെ തെല്ലും വളർത്തുവാൻ
ഞങ്ങൾതൻ ഗീതങ്ങൾക്കില്ല ശക്തി
എന്നാലും ഞങ്ങൾതൻ നിത്യരക്ഷയ്ക്കവ
നന്നായുപകരിക്കുന്നുവല്ലോ

ആകയാലാമോദവായ്പോടെ നിത്യവും
നാകദൂതന്മാരാം ഗായകന്മാർ
ദിവ്യപ്രതാപവാനങ്ങയെ വാഴ്ത്തുന്നു
മംഗളം പാടി വണങ്ങിടുന്നു
ആദിവ്യ ഗാനത്തോടൊന്നിച്ചു ഞങ്ങളും
ആലപിച്ചീടുന്നു താഴ്മയോടെ.

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,
സൈന്യങ്ങളുടെ കർത്താവായ ദൈവം,
ആകാശവും ഭൂമിയും അങ്ങേ മഹിമയാൽ
നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഹോസാന
കർത്താവിൻെറ നാമത്തിൽ വരുന്നവൻ
അനുഗ്രഹീതൻ.
അത്യുന്നതങ്ങളിൽ ഹോസാന

*ഗാനരൂപം:*

പരിശുദ്ധൻ...പരിശുദ്ധൻ...പരിശുദ്ധൻ...
സൈന്യങ്ങൾ തൻ കർത്താവാം
ദൈവം പരിശുദ്ധൻ...

നിരുപമമങ്ങേ മഹിമകളാൽ
നിറഞ്ഞു മഹിയും വിണ്ടലവും..
ഹോസാന...ഹോസാന
അത്യുന്നതങ്ങളിൽ...ഹോസാന...ഹോസാന

കർത്താവിൻ തിരുനാമത്തിൽ
വരുവോനേറ്റം ധന്യനുമാം
ഹോസാന...ഹോസാന
അത്യുന്നതങ്ങളിൽ ഹോസാന...ഹോസാന

## സ്തോത്രയാഗ പ്രാർത്ഥന

പു: പിതാവേ, അങ്ങ് പരമ പരിശുദ്ധനാകുന്നു. സർവ്വ വിശുദ്ധിയുടെയും ഉറവിടവും അങ്ങുതന്നെ.
ആകയാൽ അങ്ങയുടെ പരിശുദ്ധാത്മാവു വഴി ഈ കാണിക്കകൾ പവിത്രമാക്കേണമേ.
ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൻെറ തിരുശരീരവും + തിരുരക്തവുമായി തീരുമാറാകട്ടെ.

– ക്രിസ്തുനാഥൻ പീഢാസഹനത്തിനു സ്വയം ഏൽപ്പിച്ചു കൊടുത്ത രാത്രിയിൽ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രം ചൊല്ലി, ഭാഗിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് കൽപ്പിച്ചരുളി:
**എല്ലാവരും ഇതു വാങ്ങി ഭക്ഷിക്കുവിൻ;**
**ഇത് എൻെറ ശരീരം ആകുന്നു;**
**നിങ്ങൾക്കുവേണ്ടി അർപ്പിക്കുവാനിരിക്കുന്ന എൻെറ ശരീരം.**

– അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ്, പാനപാത്രം എടുത്ത്,
വീണ്ടും കൃതജ്ഞതാസ്തോത്രം ചൊല്ലി,
ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് കല്പിച്ചരുളി:
**എല്ലാവരും വാങ്ങി ഇതിൽ നിന്ന് കുടിക്കുവിൻ;**
**ഇതു എൻെറ രക്തം ആകുന്നു:**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ രക്തം.**
**നിങ്ങൾക്കും എല്ലാവർക്കും വേണ്ടി പാപമോചനത്തിനായി ചിന്തുവാനിരിക്കുന്ന എൻെറ രക്തം. ഇത് നിങ്ങൾ എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ**.

– വിശ്വാസത്തിൻെറ ഈ മഹാരഹസ്യം നമുക്ക് പ്രഖ്യാപിക്കാം...

ജ: കർത്താവേ, അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു,
അങ്ങയുടെ ഉയിർപ്പിൽ ഞങ്ങൾ വിശ്വസിക്കുന്നു;
അങ്ങയുടെ വരവു ഞങ്ങൾ കാത്തിരിക്കുന്നു.

– **(കാർമ്മീകർ എല്ലാവരും താഴ്ന്ന സ്വരത്തിൽ)**

പിതാവേ, ക്രിസ്തുനാഥൻെറ മരണവും ഉയിർപ്പും ഓർത്തുകൊണ്ട്,
നിത്യ ജീവനരുളുന്ന അപ്പവും,
നിത്യരക്ഷ നൽകുന്ന പാനപാത്രവും ഞങ്ങൾ അങ്ങേയ്ക്ക് അർപ്പിക്കുന്നു.
അങ്ങയുടെ തിരുമുൻപിൽ നിൽക്കുന്നതിനും അങ്ങയെ പരിചരിക്കുന്നതിനും
അർഹരാക്കിതീർത്തതിനു ഞങ്ങൾ നന്ദി പറയുന്നു.

ഏറ്റവും താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു;
ക്രിസ്തുവിൻെറ തിരുശരീരവും തിരുരക്തവും സ്വീകരിക്കുന്ന ഞങ്ങളെ
പരിശുദ്ധാത്മാവ് ഏകീകരിക്കുമാറാകട്ടെ!

**– പിതാവേ**, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന തിരുസഭയെ തൃക്കൺപാർക്കേണമേ.
അങ്ങയുടെ ദാസനായ ------- മാർപാപ്പയും,
ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ------മെത്രാനും,

എല്ലാ വൈദീകരും ഉൾപ്പെട്ട സഭയെ
സ്നേഹത്തിൻെറ പരിപൂർണ്ണതയിൽ എത്തിക്കേണമേ.
**– (മരിച്ചവർക്കു വേണ്ടിയുള്ള ബലികളിൽ മാത്രം)**

**(ഈ ലോകത്തിൽ നിന്നും അങ്ങയുടെ പക്കലേയ്ക്ക് വിളിച്ച**
**അങ്ങയുടെ ദാസൻ / ദാസി / ദാസർ / ......ഓർക്കേണമേ.**
**ക്രിസ്തുവിൽ മരണം പ്രാപിച്ച ഇയാളെ/ ഇവരെ /**
**അവിടുത്തെ പുനരുത്ഥാനത്തിലും പങ്കാളി/ പങ്കാളികൾ ആക്കേണമേ.**

**– ഉയിർക്കുമെന്ന** പ്രത്യാശയോടെ നിദ്രകൊള്ളുന്ന
ഞങ്ങളുടെ സഹോദരീ സഹോദരന്മാരെയും
മരണമടഞ്ഞ സകലരെയും അങ്ങ് ഓർക്കേണമേ.
അങ്ങയുടെ തേജോമയമായ തിരുമുഖം ദർശിക്കുവാൻ അവർക്കു ഭാഗ്യമരുളേണമേ.
ഈ എളിയ ദാസരായ ഞങ്ങളേയും കടാക്ഷിക്കേണമേ.
ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തോടും,
(ഇന്നത്തെ തിരുനാളിനു കാരണാഭൂതനായ വി. -----നൊടും)
ലോകാരംഭം മുതൽ അങ്ങേയ്ക്കു പ്രിയങ്കരമാം വിധം ജീവിതം നയിച്ച
സകലവിശുദ്ധരോടുമൊത്ത്
നിത്യായുസ്സിൽ പങ്കുചേരുവാനും
അങ്ങയുടെ പുത്രനായ യേശുക്രിസ്തുവഴി അങ്ങയെ വാഴ്ത്തി സ്തുതിക്കുവാനും
ഞങ്ങളെ അർഹരാക്കേണമേ.

**(കാർമ്മീകർ എല്ലാവരും താഴ്ന്ന സ്വരത്തിൽ)**
– ദൈവമേ, സർവ്വശക്തനായ പിതാവേ
അങ്ങേയ്ക്ക് ക്രിസ്തുവിലൂടെ, ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽതന്നെ,
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ
എല്ലാ മഹിമയും ആരാധനയും
എന്നും എന്നേയ്ക്കും...

ജ: ആമ്മേൻ

## ദിവ്യ കാരുണ്യ സ്വീകരണകർമ്മം

പു.: നമ്മുടെ കർത്താവു കല്പിച്ചതും പഠിപ്പിച്ചതും അനുസരിച്ച് പ്രത്യാശയോടെ നമുക്കു പ്രാർത്ഥിക്കാം

ജ.: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

പു.: കർത്താവേ എല്ലാ തിന്മകളിൽനിന്നും ഞങ്ങളെ മോചിക്കണമേ.
ഈ കാലയളവിലും ഞങ്ങൾക്ക് സമാധാനം അരുളണമേ.
പാപത്തിൽ നിന്നും അസ്വസ്ഥതകളിൽനിന്നും ഞങ്ങളെ എപ്പോഴും കരുണാപൂർവ്വം കാത്തുകൊള്ളേണമേ. നിത്യ സൗഭാഗ്യവും രക്ഷകനായ യേശുക്രിസ്തുവിൻെറ പുനരാഗമനവും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ജ.: എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നെന്നേയ്ക്കും അങ്ങയുടെതാകുന്നു.

പു.: "അന്ത്യദാനമായ സമാധാനം നിങ്ങൾക്കു നൽകുന്നു; എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു" എന്ന് കർത്താവായ യേശുക്രിസ്തുവെ അങ്ങ് അപ്പോസ്തലന്മാരോട് അരുൾചെയ്തിട്ടുണ്ടല്ലോ.
ഞങ്ങളുടെ പാപങ്ങൾ പരിഗണിക്കാതെ, അങ്ങേ തിരുസഭയുടെ വിശ്വാസം തൃക്കൺപാർത്ത് അങ്ങയുടെ തിരുവുള്ളത്തിനൊത്തവണ്ണം തിരുസഭയ്ക്ക് സമാധാനവും ഐക്യവും കൽപിച്ചരുളിയാലും...
എന്നെന്നും ജീവിച്ചു വാഴുന്ന അങ്ങ് ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമെ.
ജ.: ആമ്മേൻ

പു.: കർത്താവിൻെറ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.
ജ.: അങ്ങയോടും കൂടെ
പു.: നമുക്കു പരസ്പരം സമാധാനം ആശംസിക്കാം

ജ.: ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടേ,
ഞങ്ങളിൽ കനിയേണമെ (2)
ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടേ,
ഞങ്ങൾക്കു ശാന്തി നൽകേണമേ.

പു.: ഇതാ, ദൈവത്തിൻെറ കുഞ്ഞാട്, ഇതാ ലോകത്തിൻെറ പാപങ്ങൾ നീക്കുന്നവൻ
ദിവ്യകുഞ്ഞാടിൻെറ ഈ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ ഭാഗ്യമുള്ളവർ.
ജ.: കർത്താവേ, അങ്ങ് എൻെറ ഭവനത്തിൽ വരുവാൻ യോഗ്യത എനിക്കില്ല.
അങ്ങ് ഒന്നു കല്പിച്ചാൽ മതി, എൻെറ ആത്മാവ് സുഖം പ്രാപിക്കും.

പു.: ക്രിസ്തുവിൻെറ തിരുശരീരവും തിരുരക്തവും എന്നെ (നമ്മെ) നിത്യജീവിതത്തിലേയ്ക്ക് നയിക്കുമാറാകട്ടെ. ആമ്മേൻ

---

## ദിവ്യ കാരുണ്യ സ്വീകരണം

ദിവ്യ കാരുണ്യ പ്രാർത്ഥന

നമുക്കു പ്രാർത്ഥിക്കാം

പു.: സർവ്വേശ്വരാ,
അങ്ങയുടെ പ്രിയസുതൻെറ **തിരുപ്പിറവി** സാനന്ദം കൊണ്ടാടുവാനുള്ള ഭാഗ്യം ഞങ്ങൾക്കു നൽകിയല്ലോ. സുകൃതജീവിതം വഴി ദിവ്യരക്ഷകനോട് ഏകീഭവിക്കുവാൻ
ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.
ജ.: ആമ്മേൻ

സമാപന ആശീർവ്വാദം:

പു.: കർത്താവു നിങ്ങളോടു കൂടെ
ജ.: അങ്ങയോടും കൂടെ
പു.: സർവ്വശക്തനായ ദൈവം + പിതാവും + പുത്രനും + പരിശുദ്ധാത്മാവും
നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.
ജ.: ആമ്മേൻ

പു.: ക്രിസ്തുവിൻെറ സ്നേഹത്തിലും സമാധാനത്തിലും നമുക്കു ജീവിക്കാം;
ദിവ്യ പൂജ സമാപിച്ചു.
ജ.: ദൈവത്തിനു സ്തുതി!

Thomas Kalathil, 2015